## 15 -ാം കേരള നിയമസഭ

## 3 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5615** **03-11-2021 - ൽ മറുപടിയ്ക്ക്**

## ചാത്തന്നൂർ മണ്ഡലത്തിലെ ലൈഫ് പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | **Shri M. V. Govindan Master**<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ നഗരസഭ/ ഗ്രാമപഞ്ചയാത്ത് അടിസ്ഥാനത്തിൽ എത്ര വീടുകൾ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി നാളിതുവരെ നിർമ്മാണം പൂർത്തീകരിച്ച് കൈമാറിയിട്ടുണ്ടെന്നും എത്ര വീടുകളുടെ നിർമ്മാണം പുരോഗമിച്ചു വരുന്നു എന്നും അറിയിക്കാമോ; | (എ) | ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ ലൈഫ് ഒന്ന്, രണ്ട്, മൂന്ന് ഘട്ടങ്ങൾ, അഡീഷണൽ ലിസ്റ്റ് (എസ്.സി/എസ്.ടി/ഫിഷറീസ് പട്ടിക) എന്നിവയിൽ ഉൾപ്പെടുത്തി ആകെ 2,940 ഗുണഭോക്താക്കളെയാണ് അർഹരായി കണ്ടെത്തിയിട്ടുള്ളത്. ആയതിൽ 1,256 ഗുണഭോക്താക്കൾ ഭവന നിർമ്മാണത്തിനായി ഗ്രാമപഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. നാളിതുവരെ വിവിധ ഘട്ടങ്ങളിലായി 1,074 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. 11 വീടുകൾ റൂഫ് ലെവലിലും, 9 വീടുകൾ ലിൻറൽ ലെവലിലും, 7 വീടുകൾ ബേസ്മെൻറ് ലെവലിലും, 53 വീടുകളുടെ നിർമ്മാണം ആരംഭിച്ചിട്ടുമുണ്ട്. |
| (ബി) | ചാത്തന്നൂർ മണ്ഡലത്തിൽ പ്രസ്തുത പദ്ധതി പ്രകാരം വീട് ലഭിച്ചവരിൽ പട്ടികജാതി വിഭാഗം എത്ര എന്നും പൊതുവിഭാഗം എത്ര എന്നും ലൈഫ് പദ്ധതി പ്രകാരം ഭൂരഹിതരായ എത്രപേർക്ക് ഭൂമി നൽകിയെന്നും വ്യക്തമാക്കാമോ; | (ബി) | ലൈഫ് ഭവന പദ്ധതി പ്രകാരം 623 ജനറൽ ഗുണഭോക്താക്കളും 451 പട്ടികജാതി വിഭാഗം ഗുണഭോക്താക്കളും ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 47 ജനറൽ ഗുണഭോക്താക്കളുടെയും 33 പട്ടികജാതി ഗുണഭോക്താക്കളുടെയും ഭവന നിർമ്മാണം പുരോഗതിയിലാണ്. 112 ജനറൽ ഗുണഭോക്താക്കൾക്കും 67 പട്ടികജാതി ഗുണഭോക്താക്കൾക്കും തദ്ദേശ സ്ഥാപനം വഴി ഭൂമി ലഭ്യമാക്കിയിട്ടുണ്ട്. |
| (സി) | ചാത്തന്നൂർ മണ്ഡലത്തിലെ പഞ്ചായത്തുകളിലും നഗരസഭയിലും ലൈഫ് പദ്ധതി പ്രകാരം നിലവിൽ എത്ര അപേക്ഷകർക്ക് വീടുകൾ അനുവദിക്കുവാനുണ്ടെന്നും ഇനി പരിഗണിക്കുവാനുള്ള ഭൂരഹിത ഭവനരഹിത അപേക്ഷകരുടെ എണ്ണം എത്രയെന്നും വിശദമാക്കാമോ? | (സി) | ചാത്തന്നൂർ മണ്ഡലത്തിൽ 365 ഭവനരഹിത ഗുണഭോക്താക്കൾക്കും 1,525 ഭൂരഹിത ഭവനരഹിത ഗുണഭോക്താക്കൾക്കും ആനുകൂല്യം നൽകാൻ അവശേഷിക്കുന്നു. കൂടാതെ ലൈഫ് 2020 അപേക്ഷ പ്രകാരം ചാത്തന്നൂർ മണ്ഡലത്തിൽ ഗ്രാമപഞ്ചായത്ത് തലത്തിൽ 3,825 ഭവനരഹിത ഗുണഭോക്താക്കളും മുനിസിപ്പാലിറ്റി തലത്തിൽ 414 ഭവനരഹിതരും ഗ്രാമപഞ്ചായത്ത് തലത്തിൽ 2,248 |

| | | | |
|---|---|---|---|
| | | | ഭൂരഹിത ഭവനരഹിത ഗുണഭോക്താക്കളും മുനിസിപ്പാലിറ്റി തലത്തിൽ 518 അപേക്ഷകരും ഉൾപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ